"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വ്യവസായ വകുപ്പ്- കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് (കെ.എം.എം.എൽ)- കമ്പനിയിലെ സ്ഥിരം ജീവനക്കാരുടെ വിരമിക്കൽ പ്രായം 58 വയസ്സിൽ നിന്ന് 60 വയസ്സാക്കി ഉയർത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എച്ച്) വകുപ്പ്**

സ.ഉ.(കൈ) നം.37/2026/ID തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:- 1. 4/11/2022-ലെ സ.ഉ.(പി) നം.135/2022/ധന

2. കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 10/3/2025-ലെ TP/PD/PL-12/25 നം. കത്ത്

3. കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 27/2/2026-ലെ TP/PD/PL-12/26 നം. കത്ത്

**ഉത്തരവ്**

കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിലെ (കെ.എം.എം.എൽ) ജീവനക്കാരുടെ വിരമിക്കൽ പ്രായം 58-ൽ നിന്നും 60 വയസ്സാക്കി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ 05/02/2025-ലെ കമ്പനി ബോർഡ് തീരുമാനത്തിന്റെയടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം കമ്പനി മാനേജിംഗ് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2) കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് ഒരു രാസാധിഷ്ഠിത വ്യവസായ ശാലയായതിനാൽ പരിചയസമ്പന്നരായ ജീവനക്കാരുടെ സേവനം, സ്ഥാപനത്തിന്റെ പ്രവർത്തന കാര്യക്ഷമത, സുരക്ഷ, ഗുണനിലവാരം എന്നിവ നിലനിർത്തുന്നതിന് അത്യന്താപേക്ഷിതമാണെന്നും, വിരമിക്കൽ പ്രായം വർദ്ധിപ്പിക്കുന്നത് പ്ലാന്റ് ഏരിയകളിലെ ജീവനക്കാരുടെ സാങ്കേതിക വൈദഗ്ധ്യവും പ്രവർത്തന മികവും ഉറപ്പാക്കാൻ സഹായിക്കുമെന്നും ടൈറ്റാനിയം ഡൈ ഓക്സൈഡ്, ടൈറ്റാനിയം ടെട്രാക്ലോറൈഡ്, ടൈറ്റാനിയം സ്പോഞ്ച് എന്നിവയുടേയും ധാതു മണലിൽ നിന്നും വേർതിരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉത്പാദനം, പരിപാലനം, മിനറൽ പ്രോസസ്സിംഗ് തുടങ്ങിയ മേഖലകളിൽ പ്രത്യേക പരിജ്ഞാനം ആവശ്യമാണെന്നും, പുതിയതായി നിയമിക്കുന്ന ജീവനക്കാർക്ക് ടി മേഖലയിൽ പരിശീലനത്തിനും പ്രാവീണ്യം നേടുന്നതിനും സമയം ആവശ്യമാണെന്നതിനാൽ വിരമിക്കൽ പ്രായം വർദ്ധിപ്പിക്കുന്നത് ഈ അപര്യാപ്തത പരിഹരിക്കാനും പ്രവർത്തന തടസ്സങ്ങൾ ഒഴിവാക്കാനും സഹായിക്കുമെന്നും പരാമർശം (3) പ്രകാരം കമ്പനി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ പരിഗണനയിലുള്ള മോണോസൈറ്റ് ക്രാക്കിംഗ്, റെയർ എർത്ത് കോറിഡോർ തുടങ്ങിയ പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് ഇവരുടെ പരിജ്ഞാനം ഗുണകരമാകുന്നതാണെന്നും, റിട്ടയർമെന്റ് പ്രായം വർദ്ധിപ്പിക്കുന്നതിന്റെ ഫലമായി ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി കമ്പനിയ്ക്ക് സാമ്പത്തിക ബാദ്ധ്യതയുണ്ടാകുമെങ്കിലും പ്രവർത്തന ആവശ്യകത, പ്രാവീണ്യമുള്ള മനുഷ്യവിഭവ കുറവ്, സാമ്പത്തിക കാര്യക്ഷമത, പൊതുമേഖല മാനദണ്ഡങ്ങൾ, പുതിയ പദ്ധതികൾ എന്നിവ പരിഗണിച്ചാൽ കെ.എം.എം.എൽ-ൽ വിരമിക്കൽ

പ്രായം വർദ്ധിപ്പിക്കുന്നത് പരിഗണിക്കാവുന്നതാണെന്നും കമ്പനി മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം ഓരോ പൊതുമേഖലാ സ്ഥാപനത്തിന്റെയും നിലവിലുള്ള സ്ഥിതി പരിശോധിച്ച ശേഷം പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ആവശ്യമായ പ്രത്യേക ഉത്തരവുകൾ പുറപ്പെടുവിക്കുന്നതായിരിക്കും എന്ന് ഉത്തരവായിരുന്നു. കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് ഒരു രാസാധിഷ്ഠിത വ്യവസായ ശാലയായതിനാൽ പരിചയസമ്പന്നരായ ജീവനക്കാരുടെ സേവന കാലാവധി വർദ്ധിപ്പിക്കുന്നത് കമ്പനിയുടെ പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുമെന്നതും, കമ്പനിയിൽ ആരംഭിക്കാനിരിക്കുന്ന പുതിയ പദ്ധതികൾക്ക് സഹായകരമാകുമെന്നതിനാലും കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിലെ സ്ഥിരം ജീവനക്കാരുടെ വിരമിക്കൽ പ്രായം 58 വയസ്സിൽ നിന്ന് 60 വയസ്സാക്കി ഉയർത്തിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ പി എം മുഹമ്മദ് ഹനീഷ്

അഡീഷണൽ ചീഫ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്, കൊല്ലം
എക്സിക്യൂട്ടീവ് ചെയർമാൻ, ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫർമേഷൻ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (പി.യുഡി1/120/2025/ധന നമ്പർ ഫയൽ)
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം 3832 തീയതി 5/3/2026)
അക്കൗണ്ടന്റ് ജനറൽ(ഇ& ആർ.എസ്.എ/ജി &എസ്.എസ്.എ), തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Vinitha V R
Date: 15-03-2026 11:41:12
സെക്ഷൻ ഓഫീസർ

രഹസ്യം

## കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 05-03-2026**

ഫയൽ നം. എച്ച്3/155/2025/വ്യവ. ഇനം നം: 3832

വിഷയം : വ്യവസായ വകുപ്പ് - കെ.എം.എം.എൽ.-ലെ സ്ഥിരം ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, വ്യവസായ വകുപ്പ്.

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എച്ച്3/155/2025/വ്യവ. |
| 2 | വകുപ്പ് | : | വ്യവസായ (എച്ച്) വകുപ്പ് |
| 3 | വിഷയം | : | വ്യവസായ വകുപ്പ്-കെ.എം.എം.എൽ-ലെ സ്ഥിരം ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നത്- സംബന്ധിച്ച്; |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 14/2/2026 |
| 5 | (I) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : | അതെ; |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഇല്ല |
| 7 | കരട് കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. എം.എ. റജീന ബീഗം |
| 8 | കരട് കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. എ. പി. എം. മുഹമ്മദ് ഹനീഷ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 01.03.2026 |
| 10 | കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 02.03.2026 |
| 12 | കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി.രാജീവ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 04.03.2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 04.03.2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് (കെ.എം.എം.എൽ) –ലെ സ്ഥിരം ജീവനക്കാരുടെ വിരമിക്കൽ പ്രായം 58 വയസിൽ നിന്നും 60 വയസ്സാക്കി ഉയർത്തുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) കമ്പനിയിലെ സ്ഥിരം ജീവനക്കാരുടെ വിരമിക്കൽ പ്രായം 58–ൽ നിന്നും 60 വയസ്സാക്കി ഉയർത്തുന്നതിന് ആവശ്യപ്പെട്ടു കൊണ്ടുള്ള പ്രൊപ്പോസൽ ബോർഡ് തീരുമാനത്തോടെ കെ.എം.എം.എൽ മാനേജിംഗ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു. ഒരു രാസാധിഷ്ഠിത വ്യവസായ ശാലയായ കെ.എം.എം.എൽ–ൽ പരിചയസമ്പന്നരായ ജീവനക്കാരുടെ സേവനം, സ്ഥാപനത്തിന്റെ പ്രവർത്തന കാര്യക്ഷമത, സുരക്ഷ, ഗുണനിലവാരം എന്നിവ നിലനിർത്തുന്നതിന് അത്യന്താപേക്ഷിതമാണെന്നും, വിരമിക്കൽ പ്രായം വർദ്ധിപ്പിക്കുന്നത് പ്ലാന്റ് ഏരിയകളിലെ ജീവനക്കാരുടെ സാങ്കേതിക വൈദഗ്ധ്യവും പ്രവർത്തന മികവും ഉറപ്പാക്കാൻ സഹായിക്കുമെന്നും ടൈറ്റാനിയം ഡൈ ഓക്സൈഡ്, ടൈറ്റാനിയം ടെട്രാക്ലോറൈഡ്, ടൈറ്റാനിയം സ്പോഞ്ച് എന്നിവയുടേയും ധാതു മണലിൽ നിന്നും വേർതിരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉത്പാദനം, പരിപാലനം, മിനറൽ പ്രോസസ്സിംഗ് തുടങ്ങിയ മേഖലകളിൽ പ്രത്യേക പരിജ്ഞാനം ആവശ്യമാണെന്നും, പുതിയതായി നിയമിക്കുന്ന ജീവനക്കാർക്ക് ടി മേഖലയിൽ പരിശീലനത്തിനും പ്രാവീണ്യം നേടുന്നതിനും സമയം ആവശ്യമാണെന്നതിനാൽ വിരമിക്കൽ പ്രായം വർദ്ധിപ്പിക്കുന്നത് ഈ അപര്യാപ്തത പരിഹരിക്കാനും പ്രവർത്തന തടസ്സങ്ങൾ ഒഴിവാക്കാനും സഹായിക്കുമെന്നും കമ്പനി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ പരിഗണനയിലുള്ള മോണോസൈറ്റ് ക്രാക്കിംഗ്, റെയർ എർത്ത് കോറിഡോർ തുടങ്ങിയ പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് ഇവരുടെ പരിജ്ഞാനം ഗുണകരമാകുന്നതാണെന്നും കമ്പനി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റിട്ടയർമെന്റ് പ്രായം വർദ്ധിപ്പിക്കുന്നതിന്റെ ഫലമായി ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി കമ്പനിയ്ക്ക് അടുത്ത രണ്ടു വർഷത്തേക്ക് ഏകദേശം 13.75 കോടി രൂപ ചെലവാകുമെന്നും, ഇതേ ക്രമത്തിൽ വരും വർഷങ്ങളിലും സമാനമായ സാമ്പത്തിക

ബാദ്ധ്യത വരാൻ സാധ്യതയുണ്ടെന്നും, എന്നാൽ പ്രവർത്തന ആവശ്യകത, പ്രാവീണ്യമുള്ള മനുഷ്യവിഭവ കുറവ്, സാമ്പത്തിക കാര്യക്ഷമത, പൊതുമേഖല മാനദണ്ഡങ്ങൾ, പുതിയ പദ്ധതികൾ എന്നിവ പരിഗണിച്ചാൽ കെ.എം.എം.എൽ-ൽ വിരമിക്കൽ പ്രായം വർദ്ധിപ്പിക്കുന്നത്  പരിഗണിക്കാവുന്നതാണെന്നും കമ്പനി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്

3) 4/11/2022-ലെ സ.ഉ.(പി) നം.135/2022/ധന ഉത്തരവ് പ്രകാരം ഓരോ പൊതുമേഖലാ സ്ഥാപനത്തിന്റെയും നിലവിലുള്ള സ്ഥിതി പരിശോധിച്ച ശേഷം പെൻഷൻ പ്രായം സംബന്ധിച്ച് ആവശ്യമായ പ്രത്യേക ഉത്തരവുകൾ പുറപ്പെടുവിക്കുന്നതായിരിക്കും എന്ന് ഉത്തരവായിരുന്നു. കേരളത്തിലെ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലെ വിരമിക്കൽ പ്രായം വർദ്ധിപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഓരോരോ കേസായി പരിഗണിക്കുന്നതിനായി 19-04-2023 ലെ സ.ഉ.(കൈ)നം.72/2023/ധന. ഉത്തരവ് പ്രകാരം എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

4) കെ.എം.എം.എൽ-ലെ ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതിന് ബോർഡ് തീരുമാനമെടുത്ത് സർക്കാരിന് സമർപ്പിച്ച പ്രൊപ്പോസലിൽ നടപടിയെടുക്കണമെന്നുമാവശ്യപ്പെട്ട് കെ.എം.എം.എൽ ജീവനക്കാർ ഫയൽ ചെയ്ത W.P(C) No.16394/2025 ബഹു. ഹൈക്കോടതിയിൽ പെന്റിംഗിലാണ്. പ്രസ്തുത കേസിലെ 27/5/2025-ലെ ഇടക്കാല ഉത്തരവിൽ, 3-ാം എതിർകക്ഷിയായ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഒരു മാസത്തിനുള്ളിൽ കെ.എം.എം.എൽ ജീവനക്കാരുടെ റിട്ടയർമെന്റ് പ്രായം ഉയർത്തുന്നത് സംബന്ധിച്ച് കമ്പനി മാനേജിംഗ് ഡയറക്ടർ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൻമേൽ ഉത്തരവ് പുറപ്പെടുവിപ്പിക്കണമെന്നും, ഹർജിക്കാരെ കമ്പനി സർവ്വീസിൽ നിന്ന് വിടുതൽ ചെയ്തെങ്കിൽ അവർക്ക് തീരുമാനം വരുമ്പോൾ അനുകൂലമാണെങ്കിൽ കമ്പനി അവരെ നിലനിർത്തണമെന്നും നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലെ വിരമിക്കൽ പ്രായം വർധിപ്പിക്കുന്നത് വിദഗ്ദ്ധ സമിതി പരിശോധിച്ചുവരികയാണെന്നും ജീവനക്കാരുടെ വിരമിക്കൽ പ്രായം വർധിപ്പിക്കുന്നതിൽ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ

തീരുമാനമെടുക്കുമെന്നും കമ്പനിയിലെ ട്രേഡ് യൂണിയനുകളെ സർക്കാർ അറിയിച്ചു.

5) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ പ്രായം സംബന്ധിച്ച എക്സ്പേർട്ട് കമ്മറ്റി രൂപീകരിച്ച് തുടർനടപടി ധനകാര്യ വകുപ്പ് സ്വീകരിച്ചുവരുന്നതിനാൽ അഭിപ്രായത്തിനായി ഫയൽ ധനകാര്യ വകുപ്പിലേക്കയച്ചപ്പോൾ ചുവടെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി;

"പ്രൊപ്പോസൽ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു. ഇതിന് ബഹു. മുഖ്യമന്ത്രിയുടെ അംഗീകാരമുണ്ട്."

6) കെ.എം.എം.എൽ-ലെ ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ പി.യു-ഡി1/120/2025/ധന നമ്പർ ഫയലിൽ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിലെ സ്ഥിരം ജീവനക്കാരുടെ വിരമിക്കൽ പ്രായം 58 വയസ്സിൽ നിന്ന് 60 വയസ്സാക്കി ഉയർത്താമോ?

# GOVERNMENT OF KERALA
# (SRI.PINARAYI VIJAYAN MINISTRY)
# NOTE FOR THE COUNCIL OF MINISTERS

| | | | |
|---|---|---|---|
| 1 | File No. | : | IND-H3/155/2025/ID |
| 2 | Department | : | Industries (H) Department |
| 3 | Subject | : | ID- KMML-Enhancement of retirement age of permanent employees in KMML-reg; |
| 4 | Date of Chief Minister's order for placing before the Council. | : | 14/02/2026 |
| 5 | (i) Does the case involve financial commitments/implications | : | Yes; |
| | (ii) if the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note? | : | Yes; |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : | No |
| 7 | Name of Additional Secretary who submitted the Draft Note. | : | Smt. M.A. Rajeena Beegum |
| 8 | Name of Additional Chief Secretary who approved the Draft Note. | : | Sri.A.P.M.Mohammed Hanish |
| 9 | Date of approval of the Draft Note for the Council by the Additional Chief Secretary | : | 01.03.2026 |
| 10 | Name of Chief Secretary who approved the Draft Note | : | Dr. A.Jayathilak |
| 11 | Date of approval of the Draft Note for the Council by the Chief Secretary | : | 02.03.2026 |
| 12 | Name of Minister who approved the Draft Note | : | Sri.P.Rajeeve |
| 13 | Date of approval of the Draft Note for the Council by the Minister | : | 04.03.2026 |
| 14 | Date of submission of fair copies | : | 04.03.2026 |
| 15 | Date of decision by the Council of Ministers | : | |
| 16 | Number and date of the G.O./letter communicating the decision. | | |

# NOTE FOR COUNCIL OF MINISTERS

This note pertains to the proposal to enhance the retirement age of permanent employees of Kerala Minerals and Metals Limited (KMML) from 58 years to 60 years.

2. The Managing Director, KMML has submitted a proposal to the Government, based on a resolution of the Board of Directors, to enhance the retirement age of the permanent employees of KMML from 58 to 60 years. It has been reported that, being a chemical-based industrial establishment, the services of experienced employees are crucial for maintaining operational efficiency, safety, and quality standards in KMML. It is stated that increasing the retirement age would help ensure technical expertise and operational excellence in plant areas. The Company has further reported that specialised knowledge is required in the production and maintenance of Titanium Dioxide, Titanium Tetrachloride, and Titanium Sponge, as well as in mineral processing and the manufacture of value-added products separated from mineral sands. Since newly recruited employees require time for training and to attain proficiency in these specialised areas, enhancement of the retirement age would help address this gap and avoid operational disruptions. The Company has also reported that the expertise of existing employees would be beneficial for implementing projects under the consideration of Government, such as Monazite Cracking and the Rare Earth Corridor. It is further reported that enhancement of the retirement age would result in an additional financial commitment of approximately ₹13.75 crore for the next two years towards salary and other benefits, and that similar financial implications may arise in subsequent years. However, considering operational requirements, shortage of skilled manpower, financial efficiency, public sector norms, and upcoming projects, the

Managing Director has reported that enhancement of the retirement age in KMML may be considered.

3. As per G.O.(P) No.135/2022/Fin. dated 04.11.2022, it was ordered that separate orders would be issued after examining the existing position in each PSU with regard to the retirement age. Further, as per G.O.(Ms) No.72/2023/Fin. dated 19.04.2023, the Expert Committee was reconstituted to determine the parameters for examining proposals for enhancement of the retirement age in State PSUs on a case-to-case basis.

4. The W.P.(C) No.16394/2025 filed by the employees of Kerala Minerals and Metals Limited (KMML) seeking action on the proposal submitted to the Government, pursuant to the Board decision of KMML to enhance the retirement age of its employees, is presently pending before the Hon’ble High Court. In the interim order dated 27.05.2025 in W.P.(C) No.16394/2025, the Hon’ble Court directed the 3rd respondent, Principal Secretary, Industries Department, to consider and pass orders on Ext.P3, i.e., the report submitted by the Managing Director, KMML regarding enhancement of the retirement age of KMML employees. The Court further directed that, in the event the petitioners had already been relieved from company service and if the decision on Ext.P3 is favourable, the Company shall retain them in service. Government informed the Trade Unions of the Company that the issue of enhancement of retirement age in State Public Sector Undertakings is presently under examination by an Expert Committee, and that a decision in the matter would be taken based on the recommendations of the Committee.

5.As the matter relating to the Expert Committee constituted for examining the retirement age of employees in State Public Sector Undertakings is under the consideration of the Finance Department, the file was forwarded to that Department. The Finance Department has offered the following remarks:

"പ്രൊപ്പോസൽ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു. ഇതിന് ബഹു. മുഖ്യമന്ത്രിയുടെ അംഗീകാരമുണ്ട്."

6. The Hon'ble Chief Minister has ordered to place the matter of enhancement of retirement age of employees of KMML, for consideration of the Council of Ministers, as per the orders in file No. PU-D1/120/2025/Fin.

## POINT FOR DECISION

Whether the retirement age of the permanent employees of Kerala Minerals and Metals Limited may be enhanced from 58 years to 60 years?